# AUP SCHOOL MALAPPURAM

**അക്കാദമിക്ക് മാസ്റ്റർ പ്ലാൻ**

**2025 – 26**

# സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | എ യു പി എസ് മലപ്പുറം |
| 2. വിലാസം | : | എ യു പി എസ്, കുന്നുമ്മൽ,<br>മലപ്പുറം,പിൻ 676505, മലപ്പുറം ജില്ല |
| 3. ഫോൺ | : | 0483 2735736 |
| 4. സ്കൂൾ കോഡ് | : | 18468 |
| 5. UDISE | : | 32051400603 |
| 6. TAN | : | CHNG 02445C |
| 7. വിദ്യാഭ്യാസ ജില്ല | : | മലപ്പുറം |
| 8. ബി ആർ സി | : | മലപ്പുറം |
| 9. സി ആർ സി | : | ജി എൽ പി എസ് മലപ്പുറം |
| 10. മുനിസിപ്പാലിറ്റി | : | മലപ്പുറം |
| 11. വാർഡ് നമ്പർ | : | 18 |
| 12. ബ്ലോക്ക് പഞ്ചായത്ത് | : | മലപ്പുറം |
| 13. താലൂക്ക് | : | ഏറനാട് |
| 14. ഇ. മെയിൽ | : | aupsmlpm@gmail.com |

# എ യു പി സ്കൂൾ മലപ്പുറം

**ആമുഖം**

മലപ്പുറം ജില്ലയുടെ പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ തനതായ വ്യക്തിമുദ്ര പതിപ്പി ച്ച സ്ഥാപനമാണ് മലപ്പുറം എ യു പി സ്കൂൾ.

1931 ൽ മലപ്പുറത്തെ പൗരപ്രമുഖനും പാറനമ്പിയുമായിരുന്ന യശഃശരീരനായ ശ്രീ. പി. എം. ഉണ്ണികൃഷ്ണൻ നമ്പീശൻ സ്ഥാപിച്ച സ്ഥാപനം ഇന്ന് 86 വർഷം പിന്നിട്ടി രിക്കുന്നു. ഹയർ സെക്കന്ററി സ്കൂൾ എന്ന പേരിൽ കോട്ടപ്പടിയിലെ ഒരു വാടക കെ ട്ടിടത്തിൽ 40 കുട്ടികളുമായി തുടങ്ങിയ സ്ഥാപനം 1961 മുതൽ 1 മുതൽ 7 വരെയുള്ള മലപ്പുറം എ യു പി സ്കൂളായി ഉയർന്നു. ശ്രീ. പി. നീലകണ്ഠൻ നമ്പീശൻ ബഹുജന സമക്ഷം സമർപ്പിച്ച ഈ വിദ്യാലയത്തിന്റെ സ്ഥാപന മാനേജരായിരുന്ന ശ്രീ. എം.പി. ഉണ്ണികൃഷ്ണൻ നമ്പീശൻ തന്നെയായിരുന്നു ഈ വിദ്യാലയത്തിന്റെ പ്രഥമ പ്രധാനാ ധ്യാപകൻ. ആരംഭകാലം മുതൽ തന്നെ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിയിരുന്ന വി ദ്യാലയമായിരുന്നു ഇത്.

1931 ൽ 40 വിദ്യാർത്ഥികളുമായി ആരംഭിച്ച വിദ്യാലയം ഇന്ന് മലപ്പുറത്തിന്റെ ഹൃദയഭാഗത്ത് കുന്നുമ്മലിൽ സ്വന്തമായ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടെ 1400 കുട്ടികളും 44 അധ്യാപകരുമുള്ള വിദ്യാലയമായി വളർന്നിരിക്കുന്നു. ഡിജിറ്റൽ ക്ലാസ് മുറികൾ, കമ്പ്യൂട്ടർ സൗകര്യങ്ങൾ, ലാബ്, ലൈബ്രറി സൗകര്യങ്ങൾ എന്നിവ സ്കൂ ളിന്റെ പ്രത്യേകതകളാണ്. കലാ, കായിക, ശാസ്ത്ര പ്രവൃത്തി പരിചയ രംഗത്ത് ഒന്നാമതും, 8 സഞ്ചയികയിൽ പ്രഥമ പദ്ധതിയിൽ സംസ്ഥാനതലത്തിൽ 15 തവണയും അഖിലേന്ത്യാ തലത്തിലും പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. പി ടി ബി പരീക്ഷയിൽ സംസ്ഥാന തലത്തിൽ ഒന്നാം റാങ്കും മാത്സ് ടാലന്റ് പരീക്ഷയിൽ ഒന്നാം സ്ഥാനവും തുടങ്ങി നിരവധി സമ്മാനങ്ങളും ലഭിച്ചിട്ടുണ്ട്. കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനായി ബന്ധപ്പെട്ട നിരവധി ശിൽപ്പശാലകൾ എല്ലാവർഷവും നടത്തിവരുന്നു. ഈ നേട്ടങ്ങൾ നേടിയെടുക്കുന്നതിൽ പി ടി എ യുടെ അകമഴിഞ്ഞ സഹകരണം ലഭ്യമാക്കാൻ കഴിയുന്നുണ്ട്. ഇന്നത്തെ മാനേജർ പി എം സൗദാമിനിയുടെ നേതൃത്വത്തിലുള്ള മാനേജ് മെന്റും വിദ്യാലയ പുരോഗതി ലക്ഷ്യമാക്കി മാത്രം പ്രവർത്തിക്കുന്നവരാണ്. സംസ്ഥാന അധ്യാപക അവാർഡുകൾ നേടിയ അധ്യാപ കരുടെ ശിക്ഷണം ഈ വിദ്യാലയത്തിന് മുതൽക ട്ടായിട്ടുണ്ട്. പലതുള്ളി പുരസ്കാരവും കുഞ്ഞുണ്ണി മാസ്റ്റർ പുരസ്കാരവും ലഭിച്ചത് ഒരു പ്രധാന നേട്ടമാണ്.

നേട്ടങ്ങളുടെ നെറുകയിൽ നിൽക്കുന്ന വിദ്യാലയത്തിൽ സ്ഥലക്കുറവും കളി സ്ഥലത്തിന്റെ അപര്യാപ്തതയും ഒരു പരിമിതി തന്നെയാണ്.

ഈ പരിമിതികൾ ഉൾക്കൊണ്ടു തന്നെ പാഠ്യ പാഠ്യേതര രംഗത്ത് ഉന്നത സ്ഥാനം നിലനിർത്താൻ വിദ്യാലയത്തിന് കഴിയുന്നുണ്ട്.

**പൊതു ലക്ഷ്യങ്ങൾ**

1. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഉർദു, അറബി, സംസ്കൃതം എന്നീ ഭാഷകളിൽ എഴുതാനും വായിക്കാനും സംസാരിക്കാനും കഴിവ് നേടി എന്ന് ഉറപ്പു വരുത്തും.
2. എല്ലാ കുട്ടികളും അതാത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ നേടിയെന്ന് ഉറപ്പു വരുത്തും.
3. കുട്ടികളുടെ സ്വർഗ്ഗാത്മക കഴിവുകൾ വളർത്തിയെടുക്കാനുള്ള സാഹചര്യവും അവസരവും ഒരുക്കി കൊടുക്കൽ.
4. ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ
5. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും മുന്നോക്കം നിൽക്കുന്ന കുട്ടികൾക്കും പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കും.
6. വിവിധ ലാബുകളുടെ ശാക്തീകരണം ഉറപ്പാക്കും.
7. ക്ലാസ് ലൈബ്രറി, സ്കൂൾലൈബ്രറി, വീട്ടിലൊരു ലൈബ്രറി, ഡിജിറ്റൽ ലൈബ്രറി എന്നിവയുടെ ശാക്തീകരണം നടപ്പിലാക്കും.
8. ചരിത്ര മ്യൂസിയത്തിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തൽ
9. രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസുകൾസംഘടിപ്പിക്കുക.
10. ആവശ്യമായ കുട്ടികൾക്ക് കൗൺസിലിംഗ് ക്ലാസുകൾ ഉറപ്പു വരുത്തും.
11. കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ടാലന്റ് ലാബുകൾസജ്ജമാക്കും
12. വിവിധ മേഖലകളിൽ വിദഗ്ദ്ധരുടെ സേവനം ഉറപ്പു വരുത്തൽ
13. കുട്ടി നേടേണ്ട അറിവും നേടിയ അറിവും യഥാസമയം രക്ഷാകർതൃസമൂഹത്തെ അറിയിക്കും.
14. ഐ സി ടി സാധ്യത ക്ലാസ് മുറികളിൽ ഫലപ്രദമായി നടപ്പിലാക്കും.
15. കായിക്ഷമത വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകും.
16. എല്ലാ ക്ലാസ് മുറികളും ഡിജിറ്റൽ ക്ലാസ് മുറികളാക്കി മാറ്റും
17. സൗകര്യപ്രദമായ ഡൈനിംഗ് ഹാൾ നിർമ്മിക്കും
18. സ്കൂൾ മുറ്റത്തിന് റൂഫ് നിർമ്മിക്കും.
19. സ്കൂളിന് പൊതു ഓഡിറ്റോറിയം നിർമ്മിക്കും
20. ശിശു സൗഹൃദാന്തരീക്ഷം സൃഷ്ടിച്ച് വിദ്യാലയം ആകർഷകമാക്കും.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക .
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.

5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# പ്രവർത്തന പദ്ധതികൾ

## മലയാളം

**പ്രവർത്തനം :** 1
**പേര് :** **പുസ്തകം എന്റെ ചങ്ങാതി**
**ഉപമേഖല** വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | | 1000 |

**പ്രവർത്തനം :** 2
**പേര് :** **എന്റെ പിറന്നാൾ പുസ്തകം**
**ഉപമേഖല :** വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര് :** **ഉച്ചഭാഷിണി വായന**
**ഉപമേഖല :** വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 4**
**പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക<br><br>റീഡേഴ്സ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു.<br>ക്ലാസ്സ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി<br><br>ക്ലാസ്സ്ടീച്ചർ | 4000 |

**പ്രവർത്തനം : 5**
**പേര് : സ്കൂൾ ലൈബ്രറി**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ.<br><br>പ്രാദേശിക ക്ലബ്ബ്കൾ | 5000 |

**പ്രവർത്തനം : 6**
**പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്ന തിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്ത നങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം :** 7

**പേര് :** **ക്ലാസ്സ് തല പതിപ്പുകൾ**

**ഉപമേഖല :** **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

**പ്രവർത്തനം :** 8

**പേര് :** **എന്റെ വായനാ കുറിപ്പുകൾ**

**ഉപമേഖല :** **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

**പ്രവർത്തനം :** 9

**പേര് :** **കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ**

**ഉപമേഖല :** **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും<br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാരംഗം ഭാഷാക്ലബ്ബ്<br>പരസ്യം വഴി ഫണ്ടിംഗ് | 15000 |

**പ്രവർത്തനം** : 10

**പേര്** : **രചനോത്സവം**

**ഉപമേഖല** : **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്ന തിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

**പ്രവർത്തനം** : 11

**പേര്** : **സർഗ്ഗവേള**

**ഉപമേഖല** : **പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

**പ്രവർത്തനം** : 12

**പേര്** : **ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക**

**ഉപമേഖല** : **ആശയഗ്രഹണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | | 3000 |

**പ്രവർത്തനം :** 13
**പേര്** : ***പാട്ടരങ്ങ്***
**ഉപമേഖല** : ***ഭാഷാ സമൃദ്ധി***

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം ഘടിപ്പിക്കുന്നു. രാഗ-താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ്സ്ടീച്ചർ | 4000 |

**പ്രവർത്തനം :** **14**
**പേര്** : **നാട്ടുവിശേഷം കൂട്ടെഴുത്ത്**
**ഉപമേഖല** : **ലേഖനാവിഭാവനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്തിനൈപുണ്യം, സമഗ്ര ചിന്താശേഷി, ദേശിയവിവേകബോധം എന്നിവ വികസിപ്പിക്കുക. | കുട്ടികളുടെ നാട്ടുപരിചയത്തെ ആസ്പദമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | 5000 |

**പ്രവർത്തനം :** **15**
**പേര്** : **റീഡേഴ്സ് തിയേറ്റർ**
**ഉപമേഖല** : **വായനാവളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാതാൽപര്യവും അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകർ, സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 16

പേര് : **ഭാഷോത്സവം**

ഉപമേഖല : **ഭാഷാ കാഴ്ചവത്ക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക, ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാ പ്രസംഗം, കഥപറയൽ, കവിതാപാരായണം, കോലജുകൾ, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം . | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 17

പേര് : **അരങ്ങത്തേക്ക്**

ഉപമേഖല : **അവതരണശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | 5000 |

# ഇംഗ്ലീഷ്

**പ്രവർത്തനം :** 1
**പേര് :** ഇംഗ്ലീഷ് അസംബ്ലി
**ഉപമേഖല :** പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം :** 2
**പേര് :** ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
**ഉപമേഖല :** ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ ഏഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര് :** ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
**ഉപമേഖല :** ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** **4**

**പേര്** : **Reading Card Work Shop**

**ഉപമേഖല** : **വായാനാ സാമഗ്രി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാര ങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോ ഗിച്ച് ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

**പ്രവർത്തനം :** **5**

**പേര്** : **Work Sheet Work Shop**

**ഉപമേഖല** : **അധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടി കൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടി കൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാ ക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്. ആർ.ജി. | 4000 |

# അറബിക്

**പ്രവർത്തനം :** 1
**പേര്** : **ലോക ഭാഷ -അറബി ഭാഷ**
**ഉപമേഖല** : **അടിസ്ഥാന ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

**പ്രവർത്തനം :** 2
**പേര്** : **അറബി വായനോത്സവം**
**ഉപമേഖല** : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാ മത്സരം<br>ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായാനാകുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

**പ്രവർത്തനം :** 3
**പേര്** : **അറബി രചനോത്സവം**
**ഉപമേഖല** : **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് | • പതിപ്പുകളുടെ നിർമാണം<br>• വായനാകുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ | 2000 |

# ഗണിതം

**പ്രവർത്തനം : 1**
**പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല**
**ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000 |

**പ്രവർത്തനം : 2**
**പേര് : ഗണിതലാബ് (ഗണിതമധുരം)**
**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2023-24 | സ്കൂൾ മാനേജ്മെന്റ് | 15000 |

**പ്രവർത്തനം : 3**
**പേര് : ഗണിതമൂല**
**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം :** 4
**പേര് :** യൂണിറ്റ് വിലയിരുത്തൽ
**ഉപമേഖല :** യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 5
**പേര് :** ഗണിതക്ലാസ് പി. ടി. എ.
**ഉപമേഖല :** സി. പി. ടി. എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 6
**പേര് :** ഗണിതം മധുരം
**ഉപമേഖല :** ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസര പഠനം

**പ്രവർത്തനം :** 1
**പേര്** : **ശാസ്ത്ര പഠനോപകരണ ശില്പ ശാല**
**ഉപമേഖല** : **ലാബ് ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

**പ്രവർത്തനം :** 2
**പേര്** : **എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്**
**ഉപമേഖല** : **ശാസ്ത്ര അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര്** : **പരീക്ഷണകിറ്റ്**
**ഉപമേഖല** : **നിരീക്ഷണ പ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

| | |
|---|---|
| പ്രവർത്തനം : | 4 |
| പേര് : | പരീക്ഷണോത്സവം |
| ഉപമേഖല : | ശാസ്ത്രാന്വേഷണം |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലേക്കുള്ള താത്പര്യവും മനഃശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ ശാസ്ത്ര ക്ലബ് | 2000 |

## രസാലഹരി, മൊബൈൽ അഡിക്ഷൻ

| | |
|---|---|
| പ്രവർത്തനം : | 1 |
| പേര് : | ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ |
| ഉപമേഖല : | ശാരീരിക, മാനസിക ആരോഗ്യ ബോധവൽക്കരണം |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രഭാഷണം, ഉപദേശകസംവാദങ്ങൾ, പോസ്റ്റർ നിർമ്മാണം, കടപ്പാട് പ്രകടനങ്ങൾ എന്നിവയുടെ വഴി വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യായന തുടക്കത്തിൽ | ആരോഗ്യ വകുപ്പ്, പോലീസ് SITC | |
| | | | | |

# സാമൂഹികാവബോധം

**പ്രവർത്തനം : 1**
**പേര് : അതിഥിയെ അറിയൽ**
**ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 2**
**പേര് : പ്രാദേശിക അറിവ്**
**ഉപമേഖല : നാട്ടറിവ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

**പ്രവർത്തനം : 3**
**പേര് : ഫീൽഡ് ട്രിപ്പ്**
**ഉപമേഖല : പൊതു സ്ഥാപനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

# വിവര സാങ്കേതിക വിദ്യ

| | | | | |
|---|---|---|---|---|
| **പ്രവർത്തനം :** 1<br>**പേര് :** **വിവര സാങ്കേതിക വിദ്യയിൽ പരിശീലനം**<br>**ഉപമേഖല :** **അധ്യാപക ശാക്തീകരണം** | | | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |
| | | | | |
| **പ്രവർത്തനം :** 2<br>**പേര് :** I T **ലാബ്**<br>**ഉപമേഖല :** **കമ്പ്യൂട്ടർ വിജ്ഞാനം** | | | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

## പ്രവൃത്തി പരിചയം

**പ്രവർത്തനം : 1**
**പേര് : പ്രവൃത്തി പരിചയശിൽപശാല**
**ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ.നിർമ്മാണം:ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 2**
**പേര് : പേപ്പർ ബാഗ് നിർമാണം**
**ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

**പ്രവർത്തനം : 3**
**പേര് : ഒറിഗാമി**
**ഉപമേഖല : കരകൗശല പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷവുമായി പഠനവുമായി പ്രവൃത്തിപ രിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | 2,000 |

# സർഗ വേദി

**പ്രവർത്തനം** : 1
**പേര്** : **സർഗവേദി**
**ഉപമേഖല** : **പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. (കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

**പ്രവർത്തനം** : 2
**പേര്** : **ടാലെന്റ് ലാബുകൾ**
**ഉപമേഖല** :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

**പ്രവർത്തനം** : 3
**പേര്** : **പ്രകടന വേദികൾ**
**ഉപമേഖല** : **സോഷ്യൽ മീഡിയ പ്രകടനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |

# ആരോഗ്യ – കായിക – വിദ്യാഭ്യാസം

**പ്രവർത്തനം :** 1

**പേര്** : **കായികാരോഗ്യം**

**ഉപമേഖല** : **എയറോബിക്സ് എക്സെർസൈസ്സ് ,ഫുട്ബോൾ കോച്ചിങ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാറ്റ്മിന്റൺ ,അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM SRG PTA | 10,000 |

**പ്രവർത്തനം :** 2

**പേര്** : **ഹെൽത്ത് ചെക്ക് അപ്പ്**

**ഉപമേഖല** : **ആര്യോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| - എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആര്യോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | - 3,000 |

**പ്രവർത്തനം :** 3

**പേര്** : **കായിക വിദ്യാഭ്യാസം – അധ്യാപക ശിൽപശാല**

**ഉപമേഖല** : **അധ്യാപക ശാക്തീകരണം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| - ആര്യോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |

## അറിവരങ്ങ്

കുട്ടികൾക്ക് കൂടുതൽ അധിക പഠന വിഭവങ്ങൾ നൽകാൻ പറ്റുന്ന തരത്തിലാണ് അറിവരങ്ങ് പരിപാടി മൂന്നുവർഷമായി തുടരുന്നത്. എൽഎസ്എസ് നേടിയ കുട്ടികളും കൂടാതെ ഓരോ ക്ലാസിലും മികച്ച കുട്ടികളെയും ഉൾപ്പെടുത്തിയാണ് അറിവരങ്ങ് പരിപാടി നടത്താൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ശില്പശാലകൾ, പഠനങ്ങൾ ,യാത്രകൾ ,കൂടാതെ മോട്ടിവേഷൻ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്

**ജൂലൈ മാസം**

പട്ടർകടവ് ബഡ്സ് സ്കൂൾ സന്ദർശനവും അവിടെത്തെ കുട്ടികളെ ഉൾപ്പെടുത്തി കേക്ക് മുറിക്കൽ, കുട്ടികൾക്ക് സമ്മാനപ്പൊതി വിതരണം ചെയ്യും
കൂടാതെ കൂടാതെ അങ്ങാടിപ്പുറം വൃദ്ധസദനം സന്ദർശിക്കുകയും അവരോടൊപ്പം കുട്ടികൾ ഭക്ഷണം കഴിക്കുകയും, അവർക്ക് ആവശ്യമായ വസ്ത്രങ്ങൾ വിതരണം ചെയ്യുകയും, വീൽചെയർ സ്കൂളിൻറെ വക സംഭാവനയായി നൽക്കാനും കുട്ടികളുടെ കലാപരിപാടികൾ അവതരിപ്പിക്കാനും ആണ് ഉദ്ദേശിക്കുന്നത്.

അന്നേദിവസം മൂർക്കനാട് മിൽമ ഫാക്ടറി സന്ദർശനവും നടത്തുന്നതാണ്

**വിവിധ ശില്പശാലകൾ സംഘടിപ്പിക്കൽ**

**സെപ്തംബർ ഒക്ടോബർ**

മലയിൽ ഫാക്ടറി, കോട്ടക്കൽ ആര്യ വൈദ്യശാല മ്യൂസിയം എന്നിവ സന്ദർശിക്കുകയും ഔഷധ തോട്ടം നിരീക്ഷിക്കാനും അവസരം

**ഒക്ടോബർ നവംബർ**

കേരള നിയമസഭ, തുമ്പ റോക്കറ്റ് മ്യൂസിയം ,സയൻസ് പ്ലാനറ്റോറിയം, കുതിരമാളിക, വിഴിഞ്ഞംതുറമുഖം, മാജിക് പ്ലാനറ്റ്, നഗര കാഴ്ചകൾ, വിക്ടേഴ്സ് ചാനൽ സന്ദർശനം സന്ദർശനം, കൂടാതെ വിദഗ്ധരുടെ ക്ലാസുകൾ

**ഫെബ്രുവരി**

തുഞ്ചൻപറമ്പ് സന്ദർശനവും സാഹിത്യ ശില്പശാലയും കൂടാതെ മലയാള സർവകലാശാല സന്ദർശനം

സാമ്പത്തികം : PTA

| അറിവുത്സവം<br>(പൊതുവിജ്ഞാന പ്രശ്നോത്തരി) | |
|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** |
| വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നു | ജൂൺ മുതൽ ഫെബ്രുവരി അവസാനം വരെ എല്ലാ വ്യാഴാഴ്ചകളിലും എൽ പി,യു പി വിഭാഗത്തിനും 15 ചോദ്യങ്ങൾ കൂടാതെ അധിക പഠന സാമഗ്രികളും മുൻകൂട്ടി നൽകുന്നു. മാസത്തിൽ ഒരു വ്യാഴം നൽകിയ ചോദ്യങ്ങളിൽ നിന്നും 50 % ചോദ്യങ്ങൾ ഉൾപ്പെടുത്തി റൗണ്ട് മത്സരങ്ങൾ നടത്തുന്നു. ക്ലാസുകളിൽ വിജയികളായ കുട്ടികൾക്ക് സമ്മാനം അന്നേദിവസം നിൽക്കുന്നു. 32 കുട്ടികൾക്ക് ഇതിൻറെ ഫലമായി സമ്മാനം ലഭിക്കുന്നത്. 5 റൗണ്ട് മത്സരത്തിലും കൂടുതൽ തവണ ക്ലാസ് തലത്തിൽ വിജയിച്ച കുട്ടികളെ ഉൾപ്പെടുത്തി മാർച്ച് മാസത്തിൽ മെഗാ ക്വിസ് മത്സരം നടത്തുന്നു. വിജയികൾക്ക് സ്വർണ നാണയം, ക്യാഷ് പ്രൈസുകൾ എന്നിവ നൽകുന്നതാണ്.<br><br>സ്കൂൾ വാർഷികത്തിൽ വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്. കൂടാതെ പൊതുവിജ്ഞാന പതിപ്പ് പ്രകാശനം ചെയ്യുന്നതാണ്. |

**1400 കുടുംബ കയ്യെഴുത്തു മാസിക**
**പ്രകാശനം**

കേരളപ്പിറവി ദിനത്തിൽ എല്ലാ കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്ത ത്തോടെ 1400 കുടുംബ കയ്യെഴുത്തു മാസിക പ്രകാശനം ചെയ്യും.

ഓരോ കുടുംബത്തിന്റെ ചരിത്രം കൂടാതെ ഓരോ കുടുംബത്തിലെ അംഗങ്ങളുടെ സർഗാത്മക രചനകൾ മാസികയിൽ ഉൾപ്പെടുത്തുന്നതാണ്. കുടുംബ കയ്യെഴുത്തു മാസിക നിർമ്മാണത്തെ കുറിച്ച് CPTA യോഗത്തിൽ സെപ്തംബർ മാസത്തിൽ ധാരണ നൽകും.ഒക്ടോബർ മാസത്തിൽ മാസിക നിർമ്മാണം തുടക്കം കുറിക്കും.നവംബർ ഒന്നിന് രക്ഷിതാക്കളും കുട്ടികളും ഒരുമിച്ച് സ്കൂൾ മുറ്റത്ത് വച്ച് പ്രകാശനം ചെയ്യുന്ന താണ്. മാസികകൾ എല്ലാ കുട്ടികൾക്കും കൈമാറി വായിക്കാം അവസരം നൽകുന്നതാണ്

# ഇംഗ്ലീഷ് ക്ലബ്ബ്

2025–26 വർഷത്തിലെ അക്കാദമിക് മാസ്റ്റർ പ്ലാനിലേക്കുള്ള ഇംഗ്ലീഷ് പ്രോഗ്രാം (5th- 6th)

പ്രോഗ്രാമിന്റെ പേര് : Say it Right

**ഉദ്ദേശ്യ ലക്ഷ്യങ്ങൾ:**

- കുട്ടികളുടെ സംസാരം പരിപോഷിപ്പിക്കുന്നതിലേക്ക് (Communicative skills in english)
- English ൽ ഉള്ള വാക്യങ്ങൾ തെറ്റ് കൂടാതെ എഴുതുവാൻ കുട്ടികളെ പര്യാപ്തമാക്കുക.

**പ്രവർത്തന രീതി**

- ശനിയാഴ്ച്ചകളിൽ 5,6 STD യിലെ 'B' Grade നേടിയ ഓരോ ഡിവിഷനിൽ നിന്നും 2 കുട്ടികളെ വീതം പങ്കെടുപ്പിച്ച് നടത്തുന്നു. (30 കുട്ടികൾ)
- ജൂലായ് 5ന് തുടങ്ങുന്നു
- ജനുവരി, ഫെബ്രുവരി വരെ നീണ്ടു നിൽക്കുന്ന പ്രവർത്തനം
- ഈ കുട്ടികളെ പങ്കെടുപ്പിച്ച് ജനുവരി/ഫെബ്രുവരിയിൽ ഒരു English Fest സംഘടിപ്പിക്കുന്നു.

Say it right എന്ന Communicative intraction programme, communication നിൽ ആവറേജ് നിൽക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി ചെയ്യുന്ന പരിപാടിയാണ്.

| | | |
|---|---|---|
| July 5 | - | Inauguration |
| | | Intraction section |
| August | - | Intractive section |
| September | - | Talking with friends |
| October | - | Self confidence class |
| November | - | Intractive section |
| December | - | Intractive class |
| January | - | English fest |

## ക്ലാസ് – 1, ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഗണിത പഠനം സുഗ ഗമാക്കൽ | • ഗണിത പഠനോപകര ണ നിർമ്മാണ ശിൽ പശാല<br>സന്നദ്ധതാ പ്രവർത്തന ങ്ങൾക്കാവശ്യമായ പഠ നോപകരണങ്ങൾ രക്ഷി താക്കളുടെ സഹായ ത്തോടെ രൂപീകരിക്കൽ, നിർമ്മിക്കൽ (കളർ A4, കത്രിക, പശ ഉപ യോഗിച്ച് രൂപങ്ങൾ നിർമ്മിക്കൽ) | ജൂൺ ആദ്യ വാരം | ക്ലാസ് അധ്യാപിക | PTA |
| 2) പ്രാഗ് ഗണിതാശയ രൂപീകരണം | പ്രാരംഭഘട്ടത്തിൽ കുട്ടി യുടെ വളർച്ച പഠന സ ന്നദ്ധത, വികാസം എന്നി വ തിരിച്ചറിഞ്ഞ് ആവ ശ്യമായ സന്നദ്ധതാ പ്രവർത്തനങ്ങൾ സ്വാത ന്ത്ര്യവും നിയന്ത്രിതവുമാ യ കളികളിലൂടെ നൽ കൽ | ജൂൺ– സെപ് തംബർ | ക്ലാസ് അധ്യാപിക | |
| 3) വിവിധ ശേഷികളുടെ വികാസം (സൂക്ഷ്മ– സ്ഥൂല പേശി കളുടെ വികാസം) | സ്വാതന്ത്രവും നിയന്ത്രിത വുമായ വിവിധ ഗണിത കളികളിൽ ഏർപ്പെടുന്നു (സചിത്ര പ്രവർത്തന ങ്ങൾ ഗണിത പാട്ടുകൾ, കളികൾ) | ജൂലൈ– ജനുവരി | ക്ലാസ് അധ്യാപി കയും കുട്ടികളും | |
| 4) സംഖ്യാ ബോധം കുട്ടി കളിൽ ഉറപ്പു വരുത്തുക | ഒന്നു മുതൽ 10 വരെയു ള്ള സംഖ്യാബോധം കു ട്ടികളൽ ഉറപ്പുവരുത്തുന്ന തിനാവശ്യമായ പ്രവർത്ത നങ്ങൾ (കളികളിലൂടെ ഉല്ലസിച്ച് ഗണിതപഠനം സാധ്യമാക്കുന്നു) | 2025 ജനുവരി – മാർച്ച് | ക്ലാസ് അധ്യാപിക, കുട്ടികൾ, രക്ഷിതാ ക്കൾ | PTA |

## Class 1 - ENGLISH

| Learning Outcomes | Activities | Time | Responsibility | Financial Support |
|---|---|---|---|---|
| 1) All learners get interested in English learning | Engaging games and picturisation or entry activities | June First Week | Class teacher and students | PTA |
| 2) Familiar's with English words denoting Vehicles, animals and birds | Word building games and language games | July – September | Class teacher and Students | |
| 3) Familiarise with phatic communication expressions such as Hello, I am sorry, thank you, Bye etc... | Create an envirornmental for free conversations between students, gifting simple activities for speaking. | July-December | Class teacher | |
| 4) Able to add own lines to a given song by substituting words / phrases | Giving activities like add more lines, rhymes with simple actions and tone. | January-March | Class teacher and students | |
| 5) Able to read conservations, songs and simple description graphically | Giving activites like picture description, small conversations and pictures | January-March | Class Teacher and Students | |
| 6) Construct dialogues related to specific contexts using expressions or mixed with the mother tongue. | Giving more activities with apt pictures and simple dialogues | January-March | Class Teacher and Students | |

# ക്ലാസ് 1, അക്കാഡമിക് മാസ്റ്റർ പ്ലാൻ - മലയാളം

<u>പാട്ടരങ്ങ്</u>

ഒന്നാം ക്ലാസിൽ ഭാഷാപഠനവുമായി ബന്ധപ്പെട്ട് പാട്ടിന് വളരെ അധികം പ്രാധാന്യം അർഹിക്കുന്നു. കുട്ടികളിൽ പഠന താത്പര്യം വളർത്തുവാനും പഠനം ആസ്വാദ്യകരമാക്കുന്നതിനും ഇത് സഹായിക്കുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനമാണിത്.

**പാട്ടിന്റെ നിർവ്വഹണകാലം.**

- ഒന്ന് രണ്ട് യൂണിറ്റുകൾ പൂർത്തിയായതിന് ശേഷമാണ് ആദ്യത്തെ പാട്ടരങ്ങ് സംഘടിപ്പിക്കുക. ഇത് പി.ടി.എക്ക് മുമ്പിൽ സംഘടിപ്പിക്കണം (ജൂലൈ-ആഗസ്റ്റ്).
- ഒന്നാം ടേമിന്റെ അവസാനം പാട്ടുപൂക്കളം എന്ന പേരിൽ ഓണവുമായി ബന്ധപ്പെട്ട പാട്ടുകളുടെ അവതരണവും ഇതിൽ ഉൾപ്പെടുത്താം.
- രണ്ട്, മൂന്ന് ടേമുകളുടെ അനവസാനത്തിലും പാട്ടരങ്ങുകൾ സംഘടിപ്പിക്കാവുന്നതാണ്.
- പഠനോത്സവത്തിൽ പാട്ടരങ്ങ് ഒരിനമായിരിക്കും.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ബാലകവിതകളും കുട്ടിപ്പാട്ടുകൾ കേട്ടുംവായിച്ചും ആസ്വദിക്കാനുള്ള കഴിവ് നേടുന്നു.<br>• ലളിതമായ കവിതകളും പാട്ടുകളും ആസ്വദിച്ച് ചൊല്ലി അവതരിപ്പിക്കുന്നു.<br>• വായ്ത്താരികൾ, നാടൻ പാട്ടുകൾ എന്നിവ ഒറ്റക്കും സംഘമായും ചൊല്ലാനും താളത്തിനനുസരിച്ച് ചുവട് വെക്കാനുമുള്ള കഴിവ്. | • താള വൈവിധ്യമുള്ള പാട്ടുകൾ ഒറ്റക്കും കൂട്ടമായും ചൊല്ലുന്നു.<br>• പാടി പഠിച്ച പാട്ടുകൾ കൂട്ടുകാർക്ക് ഏറ്റുചെയ്യാവുന്ന തരത്തിൽ താളവും ഈണവും പാലിച്ച് കൊണ്ട് പാടിക്കൊടുക്കുന്നു. പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടമായി കൈ കൊട്ടിയും ശരീരം ചലിപ്പിക്കുകയും ചുവടുകൾ വെയ്ക്കുകയും ചെയ്യുന്നു.<br>• പാട്ടിന്റെ ഉള്ളടക്കം<br>• അഭിനയ സാധ്യതയുള്ള പാട്ടുകൾ<br>• വായത്താരിയുള്ള പാട്ടുകൾ<br>• ചോദ്യോത്തര പാട്ടുകൾ<br>• നിർമ്മാണ പാട്ടുകൾ<br>• പൂരിപ്പിച്ച് പാടാവുന്ന പാട്ടുകൾ | | | |

# ക്ലാസ് 1,    മാസ്റ്റർ പ്ലാൻ
# റീഡേഴ്സ് തിയേറ്റർ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഭാവം ഉൾക്കൊണ്ട് ശബ്ദ വ്യതിയാനത്തോടെ സദസ്സിനു മുമ്പാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക.<br>• വായനയുടെ ആവിഷ്ക്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകത്തോടും താത്പര്യം കൂട്ടുന്നതിന്. | • കുട്ടികൾക്ക് സുപരിചിതമായതും കഥാപാത്രങ്ങൾ സംഭവങ്ങൾ, സംഭാഷണങ്ങൾ എന്നിവ കൂടുതലുള്ളതുമായ കഥകൾ തിരഞ്ഞെടുക്കൽ. | ജനുവരി ആദ്യവാരം | ക്ലാസ് അധ്യാപികയും കുട്ടികളും | PTA |
| | • കഥാപാത്രങ്ങളുടെ എണ്ണം കണക്കിലെടുത്ത് വായനാകൂട്ടത്തെ തീരുമാനിക്കൽ | ജനുവരി രണ്ടാം വാരം | | |
| | • ഓരോരുത്തരും കഥാപാത്രങ്ങളെ തെരെഞ്ഞെടുക്കൽ | ജനുവരി മൂന്നാം വാരം | | |
| | • കഥാപാത്രം പറയേണ്ട സംഭാഷണം നിശ്ചയിക്കൽ (അത് എഴുതി തയ്യാറാക്കണം). ആരാണ് അവതാരകൻ, വാക്കേണ്ടത്, ക്രമം എന്നിവ തീരുമാനിക്കൽ. | ജനുവരി നാലാം വാരം | | |
| | • റിഹേഴ്സൽ ചെയ്യൽ. | ഫെബ്രുവരി ഒന്നാം വാരം | | |
| | • സർഗവേളയിലുള്ള അവതരണം | ഫെബ്രുവരി രണ്ടാം വാരം | | |
| | • റിക്കാർഡ് ചെയ്ത് അവരെ കാണിച്ച് മെച്ചപ്പെടുത്തേണ്ടവ സംഘടിപ്പിച്ച് ധാരണ രൂപീകരിക്കൽ. | ഫെബ്രുവരി മൂന്നാം വാരം | | |
| | • മെച്ചപ്പെടുത്തിയ അവതരണം സർഗ്ഗവേളയിൽ അവതരിപ്പിക്കൽ | ഫെബ്രുവരി നാലം വാരം | | |
| | • കഥാവതരണം സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | മാർച്ച് ഒന്നാം വാരം | | |
| | • ക്ലാസ് പി.ടി.എ അവതരണം | മാർച്ച് രണ്ടാം വാരം | | |

# ക്ലാസ് – 1, രചനോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കുട്ടികളുടെ സർഗാത്മ ശേഷി വികസിപ്പിക്കുക | • രക്ഷിതാക്കൾക്കായി രചനോത്സവ ശിൽപശാല<br>• കുട്ടികൾക്ക് നൽകേണ്ട (രചനോത്സവ പ്രവർത്തനങ്ങൾക്ക്) ചിത്രങ്ങൾ രക്ഷിതാക്കളുടെ ശില്പശാലയിൽ വച്ച് തയ്യാറാക്കുന്നു. | സെപ്തെബർ ആദ്യ വാരം | | |
| • കുട്ടികളുടെ സ്വതന്ത്ര രചന<br>• രക്ഷിതാക്കളുടെ സഹായത്തോടെ സംയുക്ത രചന | • ഓരോ ആഴ്ചയിലും കുട്ടികൾക്ക് നിശ്ചിത ചിത്രം നൽകി രചനകൾ തയ്യാറാക്കുന്നു. മികച്ച രചയിതാവിനെ കണ്ടെത്തുന്നു.<br>• കുഞ്ഞെഴുത്തുകൾ പ്രകാശനം | സെപ്തംബർ രണ്ടാം വാരം | | |
| • അനുയോജ്യമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കാൻ ചിത്രരചന നിർമ്മിക്കൽ | • രചനോത്സവ ചിത്രത്തെ ആസ്പദമാക്കി കുട്ടി സ്വതന്ത്രമായി നിർമ്മിച്ച രചനയിൽ നിന്ന് ഒരു ആശയം തിരഞ്ഞെടുത്ത് ചിത്രീകരണം നടത്തി രചനയെ കൂടുതൽ ആകർഷകമാക്കുന്നു.<br>• രചനയെ ചിത്രകഥാ രൂപത്തിൽ തയ്യാറാക്കുന്നു | നവംബർ മുതൽ ജനുവരി | | |
| • രചനകൾ സമൂഹവുമായി പങ്കിടൽ | • എല്ലാ കുട്ടികളുടെയും തിരഞ്ഞെടുത്ത രചനകൾ ഉൾപ്പെടുത്തിയുള്ള പുസ്തക രൂപീകരണം.<br>• മികച്ച രചനകൾ തിരഞ്ഞെടുത്ത് വായന കാർഡുകളാക്കി മാറ്റുന്നു.<br>• CPTA യിലും പഠനോത്സവത്തിലും കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കലും പുസ്തകം പ്രകാശിപ്പിക്കുകയും ചെയ്യുന്നു. | ഫെബ്രുവരി മുതൽ മാർച്ച് വരെ | | |

## ക്ലാസ് – 1
## സംയുക്ത ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കുട്ടിയുടെ സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുക.<br>• പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാസന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ അവസരം ഒരുക്കുക. | • സി.പി.ടി.എ ചേരുന്നു<br>• മുൻ വർഷത്തെ ഡയറി പരിചയപ്പെടുത്തുന്നു.<br>• അച്ചടിച്ച ഡയറി കാണാനവസരം | ജൂൺ രണ്ടാം വാരം | | |
| • കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്രസഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക. | • ഭാഷാപരമായ മുന്നേറ്റം വ്യക്തമാക്കുന്നു.<br>(രണ്ടാം ക്ലാസ് രക്ഷിതാവിൻ അനുഭവം പങ്കിടൽ) | ജൂലൈ– ജനുവരി | | |
| • ആശയാവതരണരീതിയുടെ ഉയർന്ന രൂപങ്ങളിൽ ഒന്നെന്ന രീതിയിൽ സംയുക്ത ഡയറിയെഴുത്തിനെ പ്രയോജനപ്പെടുക്കുകയും തനിച്ചെഴുത്തിലേക്ക് വഴിയൊരുക്കുകയും ചെയ്യുന്നു. | **ചിത്രം വരക്കാം** -ഡയറിയിൽ വരുന്ന കാര്യവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വരക്കുന്നു.<br>**ഡയറിയെഴുത്ത്** – സ്വതന്ത്ര രചന<br>**ചൂണ്ടിവായന** – എഴുതിയ വാക്യങ്ങൾ കുട്ടി വിരൽ വെച്ച് വായിക്കുന്നു.<br>**ടീച്ചർ വായന** – എഴുതിയ വാക്യങ്ങൾ കുട്ടി വിരൽ വെച്ച് വായിക്കുന്നു<br>**ടീച്ചർ വായന** – കുട്ടിയുടെ ഡയറി ടീച്ചർ ക്ലാസിൽ വായിച്ച് കേൾപ്പിക്കുന്നു.<br>**ഗുണാത്മക കുറിപ്പുകൾ പങ്കിടൽ** – കുട്ടിയുടെ ശ്രദ്ധിക്കപ്പെട്ട ഡയറിക്കുറിപ്പുകൾ ക്ലാസ് വാട്സ്ആപ്പ് ഗ്രൂപ്പിൽ പങ്കിടുന്നു.<br>**കൈതാങ്ങ്**-പിന്തുണ ആവശ്യമുള്ളതും കുട്ടികൾക്ക് മുതിർന്ന കുട്ടികളുടെയോ അധ്യാപകരുടെയോ സഹായത്തോടെ | 2025 ജനുവരി – മാർച്ച് | | |

| | | | | |
|---|---|---|---|---|
| | ആഴ്ചയിലൊരിക്കൽ<br>**<u>ഡിജിറ്റൽ പോർട്ട്ഫോളിയോ</u>**<br>ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോ ആക്കുന്നു.<br>**<u>ഡയറി പ്രകാശനം-</u>** തിരഞ്ഞെടുത്ത ഡയറി പ്രകാശനം ചെയ്യുന്നു. | | | |

## ക്ലാസ് – 1
## നിർമ്മാണ ശിൽപശാല – മേഖല – പ്രവർത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പരിസ്ഥിതി സൗഹാർദപരമായ കളിയുപകരണങ്ങൾ പരിചയപ്പെടുത്തുക.<br>• പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങളാക്കി മാറ്റുക<br>• കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും വികസിപ്പിക്കുക | **നിർമ്മാണ ശിൽപശാല**<br>• പി.ടി.എ യിൽ നിർമ്മാണ ശിൽപശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ<br>• നിർമ്മിക്കേണ്ട ഇനങ്ങൾ തീരുമാനിക്കൽ<br>• നിർമ്മാണത്തിൽ വൈദഗ്ദ്യമുള്ളവരെ കണ്ടെത്തൽ<br>• നിർമ്മാണത്തിലുള്ള അസംസ്കൃത വസ്തുക്കളുടെ സമാഹരണത്തിന് ചുമതലപ്പെടുത്തൽ<br>• നിർമ്മാണ ശില്പശാല തീയതി തീരുമാനിക്കൽ. | ജൂലൈ- ആദ്യ വാരം | | |
| | **പ്രചരണം**<br>• പോസ്റ്റർ, നവമാധ്യമങ്ങളിൽ കുറിപ്പ്, വീഡിയോ<br>• ഉദ്ഘാടനം - നിർമ്മാണ ശിൽപശാല<br>• ഐ.ടി സാധ്യത ഉപയോഗപ്പെടുത്തൽ<br>• കളിപ്പാട്ട പ്രദർശനം<br>• ശാസ്ത്രവുമായ ബന്ധപ്പെട്ടത്. | ജൂലൈ രണ്ടാം വാരം | | |

# STD 2

## അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണ്യം നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

**<u>പ്രവർത്തന ലക്ഷ്യങ്ങൾ</u>**

1. രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
2. രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
3. ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
4. ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
5. വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചന കളിൽ ഏർപ്പെടുകയും ചെയ്യുന്നു.
6. ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാ ക്കുന്നു.
7. ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

**<u>മുന്നൊരുക്കം</u>**

1. പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
2. കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാ ക്കുന്നു.

**<u>പ്രവർത്തന ലക്ഷ്യം</u>**

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

**<u>ജൂൺ</u>**

- ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായനാ സാമഗ്രികൾ നിർമിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

**ജൂലൈ**

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാ ക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

**ആഗസ്ത്**

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

**സെപ്റ്റംബർ**

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

**ഒക്ടോബർ**

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു
  ഉദാ: ആന
  വലിയ ആന
  കറുത്ത വലിയ ആന

**നവംബർ**

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

**ഡിസംബർ**

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

**<u>ജനുവരി</u>**

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ ക്രവിതാ പൂരണം)
- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

**<u>ഫെബ്രുവരി</u>**

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ ഭ്രാഷണം, ലേഖനം, എഴുത്ത്)
- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

**<u>മാർച്ച്</u>**

- വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
- ഇൻലന്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
- വീട്ടുവായന, കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

# STD 2
# അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം

**ആമുഖം**

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ' ഉല്ലാസ ഗണിതം' പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക. തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

**<u>പ്രവർത്തന ലക്ഷ്യങ്ങൾ</u>**

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗ പ്പെടുത്തൽ

**<u>മുന്നൊരുക്കം</u>**

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നട ത്തുന്നു.
- പ്രവർത്തന ലക്ഷ്യം
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോ ജനപ്പെടുത്തൽ

**<u>ജൂൺ</u>**

- 1, 2, 3, 4 ......
  1,3,5,7....
  10,20,30,40,....
  5,10,15,20....
  2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

**ജൂലൈ**

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
- (5+5 = 10, 10+10= 20)

**ആഗസ്റ്റ്**

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ
- 99 നോട് 1 കൂട്ടിയാൽ 100
- 10 പത്തുകൾ ചേർന്നാൽ 100 ആകും
- 100 ഒന്നുകൾ ചേർന്നതാണ് 100
- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

**സെപ്റ്റംബർ**

- ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

**ഒക്ടോബർ**

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)
  5...10.... 15.... 20... 25
  (5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

**നവംബർ**

- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- 'ക്ലാസിനൊരു ' കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ
നോട്ട് നാണയം

**ഡിസംബർ**

- സംഖ്യാബോധം തിരിച്ചറിവിൽ സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
- സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

**ജനുവരി**

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
- പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

**ഫെബ്രുവരി**

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

**മാർച്ച്**

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖുകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# Academic Master Plan

**Std : 2**
**English**

**Aim :** To speak, Read, & write English without any mistakes
**Time** - June to march

**PRETEST**
To check the vocabulary and writing skills of pupils.

**June and July**
-To develop listening skills & reading skills

**Listening skills**
1. Games, Action songs Hello English activities
2. Conversations, skit stories

**Use ICT**
**Speaking skills**

1. Identify the naming words from the picture.
2. Identify the action words from the same pictures
3. Make simple sentences using the action word and naming words about the picture
4. Make symbol description about the picture.
5. Growing sentences, picture reading, self introduction Assembly are also conducted

**ACTIVITIES**
- Speech , book review, quiz riddles,self introduction. School radio etc

**August and September**
Develop the creative speaking and writing

**Reading skills**
1. News paper reading, library books reading, book review, reading breaking news
2. Find words

3. Collect and read past tense
4. Rhyming words,
5. Describing words etc
6. Textbook activities

**Writing skills**

1. Make word web,
2. Picture description with describing words
3. word chain sentence chain
4. Make words,& sentences
5. Make riddles, conversations
6. Add more lines

**ACTIVITIES** - speech , book review, quiz riddles,self introduction. School radio, makes description magazines etc

**October and November**

To express thoughts feelings etc

**Reading skill**

1. News paper reading, library books reading, book review, reading
2. Conversations, skit stories use ICT materials
3. Reads breaking news
4. Develop story
5. Read notice

**Writing skills**

1. description ,
2. notice proclamation,
3. Thought

**ACTIVITIES** - speech quiz riddles,. School radio ,makes magazines, skits etc

**December and January**

1. Develop the creative speaking and writing
2. To express thoughts feelings etc

**Reading skill**

1. News paper reading, library books reading, book review, reading
2. Conversations, skit stories use ICT materials
3. Reads breaking news
4. Develop story
5. Reads diary
6. Reads letters from friends

**Writing skills**

1. Diary
2. Letter
3. Announcement,

**ACTIVITIES -** speech quiz riddles, School radio ,makes magazines, skits, class room post office etc

**February and march**

To improve the presentation power

**Reading skill**

1. News paper reading, library books reading, book review, reading
2. Conversations, skit stories use ICT materials
3. Reads breaking news,
4. Develop story,
5. Reads diary
6. Reads letters from friends

**Writing skills**

1. Diary
2. Letter
3. Announcement
4. Description ,
5. Notice proclamation,
6. Thought

**ACTIVITIES -** speech quiz riddles, School radio, makes magazines, skits, class room post office, Exibitionetc

## ക്ലാസ് – 3, അക്കാദമികം
## ഉപമേഖല – ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അധ്യാപകർ SMC | |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അധ്യാപകർ SMC | |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന-പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

## ക്ലാസ് – 3, ഉപമേഖല – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന-ആശയമറിഞ്ഞിട്ടും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം | ജൂൺ-മാർച്ച് | PTA | |
| | വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | Teachers | |
| | വായനാക്യാമ്പുകൾ | 3 മാസത്തിൽ ഒന്ന് | SSA | |
| | ബാലപ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ-മാർച്ച് | Class | |

## ക്ലാസ് – 3, ഉപമേഖല – പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം: ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പു തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക് തടയണ. മഴക്കുഴി നിർമ്മാണം ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം. പരീക്ഷണം വീട്ടിനകത്തും ശാസ്ത്ര മാസികകൾ | | | |

## ക്ലാസ് – 3, ഉപമേഖല – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | SSA<br>Staff<br>SMC |

# ക്ലാസ് 4, മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, Class Teacher | PTA |
| **വായിക്കാം വളരാം** വായനാശേഷി വളർത്തൽ | ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാകുറിപ്പ്, ആസ്വാദനക്കുറിപ്പ്, ആനുകാലിക വായന, പുസ്തക സംവാദം | വർഷം മുഴുവൻ | HM SRG, Class Teacher, CPTA | PTA |
| **എഴുതാം തെളിയാം** എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം | SRG Class Teacher | PTA |
| **കണ്ടറിയാം കേട്ടറിയാം** അറിവ് ഡെക്യുമെന്ററിയിലൂടെ നേടൽ ICT | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം** നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള- ക്ലാസിലൊരു സദ്യ പാചകക്കുറിപ്പടങ്ങിയ പതിപ്പ് | ഒരിക്കൽ | SRG, Class Teacher, PTA | PTA |
| **ഓർക്കാം - സാഹിത്യകാരന്മാർ** സാഹിത്യകാരന്മാരുടെ ദിനാചരണങ്ങൾ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ദിനാചരണങ്ങൾ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം പതിപ്പ് / പോസ്റ്റർ നിർമാണം | ആവശ്യാനുസരണം | SRG, Class Teacher, CPTA | PTA |
| **കലകൾ** പാഠഭാഗമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | ആർട്ട് മ്യൂസിയം-വിപുലീകരിക്കൽ, കലാകാരന്മാരുടെ സേവനം പ്രയോജപ്പെടുത്തി കലാവതരണം. | ഒരിക്കൽ | HM, SRG, CPTA, Class Teacher, | PTA |
| **സർഗോത്സവം (പഠനോത്സവം)** ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നു | കുട്ടികളുടെ സർഗശേഷി പ്രദർശനം സർഗാത്മക ഡയറി | വർഷാവസാനം | HM, SRG, CPTA, Class Teacher | PTA |

**Class – 4, ENGLISH**

| Aim | Activities | Time |
|---|---|---|
| 1. Assessing chuildrens prior knowledge and designing activities accordingly | Parents are informed about the pre-test and accurate assessment to know the quality of the children. Teacher have to given vaious remedial programs to improve their language skills | June |
| 2. Be able to listen attentively to whatever your hear and understand the idea and respond | **Listenign skills:**<br>Provides the oppertunity to hear English well<br>• Action song<br>• Language Games<br>• Conversation<br>• Rule Plays and Skit<br>• Stories and Cartoons<br>• Use ICT | June-March |
| 3. Be able to speak to others with great confidence and behave in a situational manner | **Speaking Skills**:<br>It is very inportant to apply the languageexpressions and prounounciation methods that are known through various activities<br>• Self introduction descriptions<br>• Book Review, growing sentneces<br>• Use ICT | June-March |
| 4. Be able to confidently read various simple books and present the concept in one's own way | **Reading Skills:**<br>Provides various activities that encourage reading<br>• Library books reading<br>• Book review<br>• News paper reaing<br>• Reading breaking news<br>• Text book activities | June-March |
| 5. Develop an attitude to engage in a variety of writings with confidence | **Writing Skills:**<br>Provides writing oppertunities for a lot of children<br>• Picture description<br>• Making word web<br>• Word and sentence chain<br>• Making riddles, conversation<br>• Add more lines<br>• Develop story notice, dairy, letter announcment | June-March |
| 6. Enhance childrens English language | **English Corner:**<br>Provides a vareity of activities one day in a | July-March |

| | | | |
|---|---|---|---|
| | skills and engage in learining activities with confidence | weak to enhance language skills<br>• Sentence making<br>• Arranging eords to get meaningful sentences<br>• Puzzles | |
| 7. | To speak, read and write English without any mistakes | **One day one word:**<br>Each day gives children a new word and its meaning<br>**English News** : To recognize the importance of news reading | |
| 8. | To speak, read and write English with out any mistakes | To check the vocabulary and writing skills of children | June-March |
| 9. | To develop listening skills and reading skills | **Pre test : Listening Skills**<br>Games, action song conversation, skit, stories, use ICT<br>**Speaking Skills:**<br>• Identify the naming words from the picture<br>• Identify the action words<br>• Make simple snetences | June-July |

# ക്ലാസ് 4, ഗണിതം

**<u>ലക്ഷ്യങ്ങൾ</u>**

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതമായി ബന്ധപ്പെടുത്തുക
- കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.
- ആധുനിക സാങ്കേതിക വിദ്യകൾ പഠനത്തിനായി പ്രയോജനപ്പെടുത്തുക
- യുക്തി ചിന്ത, ഗണിതചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## പ്രവർത്തനങ്ങൾ: ജൂൺ മാസം

- നാലക്ക സംഖ്യകളുടെ സംഖ്യാ ബോധം, വ്യാഖ്യാനം
- കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിത കേളികൾ
- പാറ്റേൺ വിശകലനം
- റോമൻ സംഖ്യ സമ്പ്രദായം പരിചയപ്പെടൽ
- മലയാള അക്കങ്ങൾ പരിചയപ്പെടൽ
- ഡൈസ് കളി, സംഖ്യചക്രം തുടങ്ങിയ ഗണിതകേളികൾ

## ഗണിത മൂല നിർമ്മാണം : ജൂലൈ മാസം

- ക്ലോക്ക്, വാച്ച് നോക്കി സമയം പറയുന്നു.
- 24 മണിക്കൂർ ക്ലോക്കിൽ നൽകിയ സമയത്തെ 12 മണിക്കൂർ ക്ലോക്കിലേക്കും തിരിച്ചും മാറ്റി പറയുന്നു.
- സമയത്തെ am, pm ഉപയോഗിച്ച് പറയുന്നു.
- കലണ്ടർ പരിചയപ്പെടുന്നു.
- ഗണിത ക്വിസ്

**ഗണിതമേള – സ്കൂൾ തലം**
**യൂണിറ്റ് ടെസ്റ്റ് – CPTA**

**<u>ആഗസ്റ്റ് മാസം</u>**

- നാലക്ക സംഖ്യകളുടെ സങ്കലനം – പുനക്രമീകരണം വരുന്നവ
- ഹോണസ്റ്റി ഷോപ്പ്- ഗെയിം
  ഗണിത ലാബ് ഒരുക്കൽ
  ഒന്നാം ടേം ഇവാലുവേഷൻ

**<u>സെപ്ത്ബർ-ഒക്ടോബർ</u>**

- നാലക്ക സംഖ്യകൾ തമ്മിലുള്ള വ്യത്യാസം
- പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു
- ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ
- ചുറ്റളവ് കണ്ടെത്തൽ
- ത്രിമാന വസ്തുക്കൾ പട്ടികപ്പെടുത്തൽ
- ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണങ്ങൾ കൊണ്ട് ക്ലാസ് എക്സിബിഷൻ

**<u>നവംബർ</u>**

- ഗുണന ക്രിയകൾ ചെയ്യൽ
- ഗുണനത്തിന് വ്യത്യസ്ഥ മാർഗ്ഗങ്ങൾ
- ഐ.ടി, മാത്സ് - ജിയോജിബ്ര പരിചയപ്പെടൽ

**<u>ഡിസംബർ</u>**

- ഹരണത്തിന്റെ വിവിധ രീതികൾ കണ്ടെത്തൽ
- 1/2, 1/4 ഇവ കണ്ടെത്തൽ
- പാറ്റേണുകൾ കണ്ടെത്തൽ
- രണ്ടാം ടേം മൂല്യനിർണ്ണയം
- രാമാനുജൻ ദിനം

**<u>ജനുവരി</u>**

- നീളം അളക്കുന്നതിനുള്ള ഏകകങ്ങൾ കണ്ടെത്തൽ
- Quinton, Ton എന്നീ യൂണിറ്റുകൾ തിരിച്ചറിയുന്നു
- അളവുപാത്രങ്ങൾ, അളക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ നിർമ്മാണം, പ്രദർശനം

**<u>ഫെബ്രുവരി- മാർച്ച്</u>**

- വിവരശേഖരണം നടത്തൽ
- സ്ഥാനവില അനുസരിച്ച് വ്യാഖ്യാനങ്ങൾ
- ഐ.ടി-ഡാറ്റാ കളക്ഷൻ ഗെയിംസ്
- യൂണിറ്റ് ടെസ്റ്റ്
- പഠന മികവുകൾ പ്രദർശിപ്പിക്കൽ
- വാർഷിക പരീക്ഷ

## പരിസര പഠനം, ക്ലാസ്-4

| പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവ വളർത്തിയെ ടുക്കുക | പ്രകൃതി നടത്തം | • ചുറ്റുപാടുമുള്ള ജീവജാല കങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകൾ മനസ്സി ലാക്കാം<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>• ജീവികളുടെ പരസ്പരാശ്ര യത്വം ചർച്ച<br>• നമുക്കു ചുറ്റുമുള്ള മലിനീകര ണ പ്രശ്നം അനുഭവിച്ചറി യാം, സ്വയം തിരുത്താം<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലു കൾ മനസ്സിലാക്കാം<br>• തെറ്റും ശരിയും ചർച്ച ചെ യ്യാം. | ജൂൺ-ഒക്ടോബർ |
| | പൂന്തോട്ടം ഒരുക്കാം | • സ്കൂൾ പൂന്തോട്ടം പരിപാ ലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം ഒരുക്കാം | ജൂൺ-മാർച്ച് |
| | ഒരു തൈ നടാം | • പരിസ്ഥിതി ദിനത്തോടനുബ ന്ധിച്ച് വൃക്ഷ തൈ നടീൽ<br>• നട്ട വൃക്ഷ തൈ പരിപാ ലിക്കൽ | ജൂൺ-മാർച്ച് |
| | പോസ്റ്റർ നിർമ്മാണം | • പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരങ്ങലിൽ പതിക്കൽ | ജൂൺ |
| | ദാഹജലം | • പൂന്തോട്ടത്തിൽ വേനൽ കാല ത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം | മാർച്ച് -മെയ് |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും | ദിനകൃത്യങ്ങൾ | • ഓരോ ദിനവും പ്രഭാത കൃത്യ ങ്ങൾ കഴിഞ്ഞേ സ്കൂളിൽ വ രാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കണം<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരി ശോധന ചുമതല ഓരോ ഗ്രൂ പ്പിനായി നൽകുന്നു | ജൂൺ-മാർച്ച് |
| | നമ്പർ വൺ | • ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>• വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നി അ ടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ - മാർച്ച് |
| | പരിസര നടത്തം | • നമ്മുടെ പരിസരത്തെ മലി നീകരണ പ്രശ്നം അടുത്ത റിയാം | ജൂൺ-ഡിസംബർ |

| | | | |
|---|---|---|---|
| | | • മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | |
| | നല്ല ശീലം | • പോസ്റ്ററുകൾ തയ്യാറാക്കാം<br>• പരിസരങ്ങളിൽ പതിക്കാം | ജൂലൈ-മാർച്ച് |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക | ഫീൽഡ് ട്രിപ്പ് | • നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്, etc) | ജനുവരി-മാർച്ച് |
| | പരീക്ഷണങ്ങൾ | • ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ-ഫെബ്രുവരി |
| | ശാസ്ത്രജ്ഞനോടൊപ്പം | • ക്യാമ്പ്<br>• മികച്ച ശാസ്ത്ര അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ഡിസംബർ-ഫെബ്രുവരി |
| | പക്ഷി നിരീക്ഷണം | • ക്യാമ്പ്<br>• പക്ഷി നിരീക്ഷണത്തിന് അവസരം | ജനുവരി-മർച്ച് |

## Class 4 – English

| **Learnigoutcomes** | **Activities** | **Activty Details** | **Duration** |
|---|---|---|---|
| Describes the pictures | Pictures Description | • The teacher shows a picture<br>• Discussion<br>• The Children talk about the picture<br>**Slow learners**<br>Gives opportunity to express theur idea in Malayalam | June - August |
| Arranges word in alphabetical order | Dictionary | • Introducing the doctionary<br>• Gives words<br>• Arranging word in alpabetical order | July – March |
| Adds more exchange to the conversation auitable to the context | Conversation | • Reading the conversation<br>• Conversation is acting with friends<br>• Adds more exchanges to the convrsation<br>**Slow learners**<br>Gives opportunity to express their idea in Malayalam | July-Marhc |
| Identifies rhyming words from the poem | Rhyming words | • Plays the audio of song<br>• Let the learners sing after the audio<br>• Discuttion<br>• Identifies rhyming words | July-September |
| Adds lines to a poem following a set pattern | Add more lines | • Plays the audio of song<br>• Let the learner sing the after the audio<br>• Adds lines to the poem | July-December |
| Reads and understands the given stories and poems | Let's read | • Provides the opportunity to read simple stories and poems<br>• They tell the story they read | December – March |
| Marks simple riddles | Riddles | • Gives children the opportunity to hear and answer simple riddles<br>• Makers simpl riddles<br>**Slow learners**<br>• Gives opportunity to express their idea in Malayalam | August - March |
| Undertakes simple project work gives | Project owrks | • Gives instructions<br>• Data collection<br>• Codifying | October-March |

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

**EVS**

- പ്രകൃതി നടത്തം - ആവസ്യാനുസരണം
  പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ
- ഭൂപടമൊരുക്കാം - വർഷത്തിലൊന്ന്
  ഭൂപട വായന
  ഭൂപട രചന
  സൂചികാ നിർമ്മാണംസ ഭൂപടം ഉപയോഗിയ്ക്കൽ
- ശാസ്ത്ര വിസ്മയ ചുമർ - ആവശ്യാനുസരണം
  ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ. ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ
- ശാസ്ത്രോസ്തവം - വർഷത്തിലൊരിക്കൽ പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം
- ശാസ്ത്രമൂല-വർഷം മുഴുവൻ
  ശാസ്ത്ര പഠനത്തനാവശ്യമായ സാമഗ്രികൾ ഒരുക്കൽ.
  പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ

## ക്ലാസ് 6, മലയാളം
## മാതൃഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാതൃഭാഷാ ശേഷി വികസനം | അക്ഷരം ഉറപ്പിക്കൽ, ചിഹ്നങ്ങൾ പരിചയപ്പെടുത്തൽ, വാക്കുകൾ എഴുതാം എന്ന പ്രവർത്തനം, വാക്യ നിർമാണം, കഥ വികസിപ്പിക്കൽ, ഭാഷാ പരമായ പിന്നോക്കാവസ്ഥ നേരിടുന്നവരെ പരിഗണിച്ചുകൊണ്ട് വാക്കുകൾ-വാക്യം നിർമിക്കൽ എന്നിവ നടത്തുന്നു. | ജൂൺ ആദ്യ വാരം | | |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | Thematic Library വിപുലീകരണം. വായനാകുറിപ്പ്, പത്രവായന ക്ലാസിലെ (ഓരോ കുട്ടികളും പങ്കാളികൾ) | ജൂൺ രണ്ടാം വാരം മുതൽ ഫെബ്രുവരി വരെ | | |

## ക്ലാസ് 6, മാത്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | **ഗണിത ശിൽപ്പശാല:** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്) മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്..... ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | PTA |
| 2. ഗണിത പഠനം സുഗമമാക്കൽ | **ഗണിത ലാബ്:** വിദ്യാലയത്തിലെ എല്ലാ ക്ലാസിലും ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ് | PTA |
| 3. പ്രതിഭകളെ കണ്ടെത്തൽ | **ഗണിത പ്രതിഭകളെ കണ്ടെത്തൽ:** ഗണിതത്തിൽ പ്രഗത്ഭരമായ വിദ്യാർത്ഥികളെ കണ്ടെത്തൽ (ക്വിസ്, പസിൽ, ഗെയിം) | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ് | PTA |
| | ഗണിത മാഗസിൻ, ഗണിത നിഘണ്ടു | ഓഗസ്റ്റ് | ഗണിത ക്ലബ്ബ് | PTA |

# സംസ്കൃതം - യു.പി

**ലക്ഷ്യം**
യു.പി. തലത്തിലെ മുഴുവൻ കുട്ടികൾക്കും സംസ്കൃതം എഴുതുവാനും വായിക്കാനും കഴിയുക.

**പ്രവർത്തനങ്ങൾ**

- അധ്യാപകന്റെ സഹായത്തോടുകൂടി സമർത്ഥരായ കുട്ടികളെ ഉപയോഗപ്പെടുത്തികൊണ്ട് എഴുത്തും വായനയും മെപ്പപ്പെടുത്തൽ

- സംസ്കൃത ശില്പശാലകളിലൂടെ കുട്ടികളെ കൂടുതൽ തൽപരരാക്കൽ (പിന്നോക്കക്കാരെ മുന്നിലെത്തിക്കൽ)

- സ്കൂൾതല ക്ലബ്ബ് രൂപീകരണത്തിലൂടെ ഭാഷാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നു.

# അക്കാദഡമിക് മാസ്റ്റർ പ്ലാൻ – ഹിന്ദി

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കാനും ഉള്ള കഴിവ് വളർത്തി എടുക്കുക.

- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന ഭാഗങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

- ഹിന്ദി ഭാഷാ പഠനം ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുക

- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതുവാനും, വായിക്കാനും കണ്ടെത്തുവാനും പഠിപ്പിക്കുന്നു (അക്ഷര ബോധം ഉറപ്പിക്കൽ) | • അക്ഷര കാർഡ് നൽകുന്നു.<br>• അക്ഷരങ്ങൾ ഉറക്കെ<br>• വായിക്കുന്നു.<br>• ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു.<br>• പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |
| ഹിന്ദി അനായാസം വായിക്കാനും എവുതുവാനും പരിശീലിപ്പിക്കുന്നു. | നിരന്തരം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കുന്നു. | |
| വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു (വായന, എഴുത്ത്) | • ചിത്രകഥ, ചെറുകവിതകൾ, കാർട്ടൂൺ തുടങ്ങിയവ വായനക്കായി നൽകുന്നു.<br>• കേട്ടെഴുത്ത്, പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു. | |
| **ഹിന്ദി സംസാരം:**<br>ഹിന്ദി സംസാരിക്കുവാനുള്ള കഴിവ് ഉണ്ടായിരിക്കും. നിത്യജീവിത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കുവാനുള്ള ഭാഷ പരിചയപ്പെടുത്തും. | • ഹിന്ദി മാത്രം മിക്കവാറും ക്ലാസ്സുകളിൽ ഉപയോഗിക്കും<br>• അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. | |
| ഹിന്ദി വായിക്കുവാനും എഴുതുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | • വർക്ക് ഷീറ്റ് നൽകുന്നു<br>• ചിത്രങ്ങൾ അടങ്ങിയ വായനാ കാർഡുകൾ നൽകുന്നു | |

| | | |
|---|---|---|
| സുരീലി വാണി | • ക്ലാസ് തലത്തിൽ കുട്ടികൾക്ക് ഹിന്ദി പരിപാടികൾ സ്കൂൾ റേഡിയോവിലൂടെ അവതരിക്കാൻ അവസരം നൽകുന്നു. | |
| സുരീലി സംചിക | • ഓരോ കുട്ടികളുടെയും പ്രവർത്തനങ്ങൾ സുരീലിസംചികയിൽ സൂക്ഷിക്കും. | |
| സുരീലി സഭ | • ഹിന്ദി ക്ലബ്ബ്-ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ്ബ് രൂപീകരിക്കും. | |
| ഹന്ദി അസംബ്ലി | • ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും. പ്രാർത്ഥന, പ്രതിജ്ഞ, വാർത്താ പാരായണം ഹിന്ദി മാധ്യമത്തിൽ ആയിരിക്കും. | |
| ദിനാചരണം | • ഹിന്ദി ദിനം, പരിസ്ഥിതി ദിനം, ശിശു ദിനം, പ്രേംചന്ദ് ദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും. | |
| ഹിന്ദി ഫെസ്റ്റ് | • ഹിന്ദി ദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിൽ ഹിന്ദി ഫെസ്റ്റ് ആഘോഷപൂർവ്വം നടത്തും.<br><br>• ഹിന്ദി പാടാനും, പറയാനും എഴുതുവാനും മികവു പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തും. പ്രോത്സാഹന സമ്മാനം നൽകും. | |
| മീഠീ ഹിന്ദി | • ഏഴാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും അനായാസമായി ഹിന്ദി കൈകാര്യം ചെയ്യാനുതകുന്ന പ്രവർത്തനങ്ങൾ നടത്തും. | ജൂൺ മുതൽ മാർച്ച് വരെ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ഉർദു ഭാഷ നൈപുണ്യം വളർത്തുന്നതിന് | ക്ലാസ്റൂമിലെ വിവിധ പ്രവർത്തനങ്ങൾ | | | |
| ഉർദു ക്ലബ് | ഉർദു ഭാഷാപ്രവർത്തനങ്ങൾ നല്ലപോലെ നടക്കുന്നതിന് വേണ്ടി വിദ്യാർഥികളുടെ കൂട്ടായ്മയായി ഉർദു ക്ലബ് രൂപികരിക്കും | | | |
| UP തലത്തിലെ മുഴുവൻ കുട്ടികൾക്കും ഉർദു വായിക്കാനും എഴുതാനും സാധിക്കുക | അധിക വായനയിലൂടെ ചെറിയ കഥയിലൂടെ | | | ജൂൺ – മാർച്ച് |